# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 19-06-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 3257

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട കാലതാമസത്തിന് പിഴ ചുമത്തുന്നതിനുള്ള സർക്കാർ തീരുമാനത്തിനെതിരെ നിർമ്മാണച്ചുമതലയുള്ള കമ്പനി എന്തെങ്കിലും അഭിപ്രായം അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(എ) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട കൺസഷൻ കരാർ പ്രകാരം നിർമ്മാണപുരോഗതി വിലയിരുത്തുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള 2 -ാം നാഴികകല്ല് (2nd milestone) പ്രകാരം പദ്ധതി ചെലവിന്റെ 25%, 24-10-2017 ന മുമ്പ് ചെലവഴിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. ഇത് പ്രകാരം അദാനി കമ്പനി സമർപ്പിച്ച ചെലവ് കണക്കുകൾ വിഴിഞ്ഞം തുറമുഖ കമ്പനി (VISL) വിലയിരുത്തുകയും, അദാനി കമ്പനി അവകാശപ്പെട്ട താഴെപ്പറയുന്ന ചെലവുകൾ ഒഴിവാക്കാൻ നിർദ്ദേശിക്കുകയുമുണ്ടായി. ഇപ്രകാരം ചെലവുകൾ ഒഴിവാക്കിയപ്പോൾ നിശ്ചിത തുക ചെലവഴിക്കാത്തതിനാൽ അദാനി തുറമുഖ കമ്പനിയിൽ നിന്ന് നഷ്ടപരിഹാരം ആവശ്യപ്പെടുകയാണുണ്ടായത്. ഇത് പുന:പരിശോധിക്കാൻ അദാനി കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | 2 -ാം നാഴികകല്ല് കണക്കാക്കുന്നതിൽ നിന്നും VISL ഒഴിവാക്കിയ ഇനങ്ങൾ | അദാനി കമ്പനിയുടെ മറുപടി |
|---|---|---|
| 1 | സർക്കാർ മുതൽ മുടക്കിൽ നിർമ്മിക്കുന്ന പുലിമുട്ട് നിർമ്മാണത്തിന് ചെലവാക്കിയ തുക | പുലിമുട്ട് നിർമ്മാണം കൺസഷൻ കരാറിൽ ഉൾപ്പെട്ടിട്ടുള്ള ഇനമായതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച തുക ഒഴിവാക്കാൻ പാടില്ല. |
| 2 | ഡ്രഡ്ജറുകൾ വാങ്ങുന്നതിന് അദാനി കമ്പനി നൽകിയ മുൻകൂർ പണം (ഈ ഡ്രഡ്ജറുകൾ വാങ്ങേണ്ടതില്ലെന്ന് | 2-ാം നാഴികകല്ല് വിലയിരുത്തേണ്ട തീയതിയിൽ ഡ്രഡ്ജറുകൾ വാങ്ങുന്നതിനുള്ള മുൻകൂർ പണം ചെലവഴിച്ചതിനാൽ, ആയത് ഉൾപ്പെടുത്തേണ്ടതാണ്. |

| | | |
|---|---|---|
| | പിന്നീട് അദാനി കമ്പനി തീരുമാനിക്കുകയുണ്ടായി.) | |
| 3 | ടഗ്ഗുകൾ വാങ്ങാനായി ധനകാര്യ സ്ഥാപനത്തിൽ നിന്നും ലഭിച്ച Letter of Credit (L/C) | ടഗ്ഗുകൾ വാങ്ങുന്നതിനായി HOWE കമ്പനി, ഒരു ജപ്പാൻ കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും Letter of Credit എടുക്കുകയും ചെയ്തതിനാൽ ടി കടമെടുപ്പ് കരാറിന്റെ ഖണ്ഡിക 9.2 പ്രകാരം പിൻവലിക്കാൻ കഴിയാത്ത കടമായി കണക്കാക്കി കൺസഷൻ കരാറിലെ പട്ടിക ജി - യിൽ പറയുന്ന "ചെലവഴിച്ച" തുകയായി കണക്കാക്കണമെന്ന് അദാനി കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. |

(ബി) നിർമ്മാണച്ചുമതലയുള്ള കമ്പനിയ്ക്ക് പദ്ധതി അടിയന്തരമായി തീർപ്പാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്നും ചെയ്തുകൊടു ക്കേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം കാര്യങ്ങളിലാണ് സർക്കാർ ചുമതലകൾ പൂർണ്ണമായും ചെയ്തു കൊടുക്കാൻ കഴിയാത്തത്; വിശദാംശം ലഭ്യമാക്കുമോ ?

(ബി) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിർമാണ ചുമതലയുള്ള കമ്പനിക്ക് കരാർ പ്രകാരം സർക്കാർ നൽകേണ്ട എല്ലാ സഹായങ്ങളും ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് സർക്കാർ ചെയ്തുകൊടുത്തിട്ടുണ്ട്. ഇതുകൂടാതെ നിർമ്മാണ കമ്പനി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ സർക്കാർ നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ